(എഫ്) എങ്കിൽ പ്രസ്തുത പരിശീലനപരിപാടിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് തൊഴിൽതർക്ക പരിഹാരത്തിനുവേണ്ട സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) തൊഴിൽതർക്ക പരിഹാരത്തിന് തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥന്മാരുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ തൊഴിൽതർക്കം പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. പരിഹരിക്കപ്പെടാൻ കഴിയാത്തവ തൊഴിൽ കോടതിയുടേയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീർപ്പിന് വിടാറുണ്ട്. ഇതിനു പുറമേ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) &(എഫ്) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ പരിശീലനം നൽകാറുണ്ട്. ഈ സ്ഥാപനം വർഷാവർഷം തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥന്മാർക്കും വിവിധ മേഖലകളിലെയും വ്യവസായങ്ങളിലെയും തൊഴിലാളികൾക്കും ട്രേഡ് യൂണിയൻ നേതാക്കന്മാർക്കും തൊഴിലുടമകൾക്കും പരിശീലനം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു വേണ്ടി 18 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അതിൽ മൊത്തം 568 ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു.

14 (* 467) എല്ലാവർക്കും ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം എത്തിക്കാനുള്ള ഒരു പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഇതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ട്;

(സി) ഈ വർഷം ഈ പദ്ധതി പ്രകാരം എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു;

(ഡി) ഈ വർഷം ഇക്കാര്യത്തിനുവേണ്ടി എടുക്കുന്ന നടപടികളോടുകൂടി രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം നൽകാൻ കഴിയുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമീണജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന തോതിലും, നഗര ജനതയ്ക്ക് ആളൊന്നിന് 70 ലിറ്റർ എന്ന തോതിലും ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിനുവേണ്ടി നിലവിൽ നടന്നു വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, സ്ഥായിയായ ജലസ്രോതസ്സുകൾ ഇല്ലാത്ത പദ്ധതികളുടെ ഉറവിടം വിപുലീകരിക്കുക, പുതിയവ കണ്ടെത്തി ഉപയോഗപ്രദമാക്കുക, പദ്ധതിയുടെ പ്രധാന പൈപ്പുകളും വിതരണ ശൃംഖലയും മെച്ചപ്പെടുത്തുക, ജലസംഭരണികളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങി അനവധി വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്. ഇതിനായി ധനാഗമ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ആവശ്യമാണ്.

2000-മാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി പ്രകാരം, 1999- 2000-ൽ 48 പദ്ധതികളും, 2000-2001 ൽ 41 പദ്ധതികളും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ഇവയുടെ പേരു വിവരം അനുബന്ധം 1,2 ആയി ചേർത്തിരിക്കുന്നു.† കൂടാതെ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ 2144 എൻ.സി/പി.സി. വാർഡുകളിൽ 40 എൻ.പി.സി.ഡി നിരക്കിലും 50 മുനിസിപ്പൽ സെൻസസ് ടൗൺ വാർഡുകളിൽ 70 എൻ.പി.സി.ഡി. നിരക്കിലും, 2000-2001 ഓടെ ശുദ്ധജലം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 651 എൻ.സി. /പി.സി./വാർഡുകളിലേയ്ക്കുള്ള പദ്ധതികൾക്ക് 43.16 കോടി രൂപയുടെ ധനാനുമതി നൽകിക്കഴിഞ്ഞു. മുനിസിപ്പൽ /സെൻസസ് ടൗൺ വാർഡുകളിലേയ്ക്കുള്ള പദ്ധതികൾക്ക് പ്രൊപ്പോസലുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷം കേരള ജല അതോറിറ്റിക്ക് 15 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തികവർഷം 48 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ ശുദ്ധജലം തീരെ ലഭ്യമല്ലാത്തതും വളരെ കുറച്ചു ശുദ്ധജലം (എൻ.സി.പി.സി) ലഭ്യമായതുമായ ഏതാനും പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു കർമ്മ പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതി 1998-99, 1999-2000, 2000-2001 എന്നീ 3 വർഷങ്ങളിലായി നടപ്പിൽ വരുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂജല വകുപ്പ് എന്നിവ സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലവും പ്രവർത്തന ഫണ്ടും നിർമ്മാണ സാധന സാമഗ്രികളും ആവശ്യമായ സ്റ്റാഫും നിർദ്ദിഷ്ടപ്രകാരം സമയബന്ധിതമായി ലഭ്യമാക്കാൻ സാധിച്ചാൽ കേരളത്തിലെ മുഴുവൻ നഗര ഗ്രാമീണ ജനതയ്ക്കും മിതമായ തോതിൽ ശുദ്ധജലമെത്തിക്കാൻ 2001 മാർച്ച് മാസത്തോടുകൂടി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly